പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1501 15.6.2012-ന് മറുപടിക്ക്

## മാലിന്യ നിർമ്മാജ്ജനത്തിനായി ത്രിതലപഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| സംസ്ഥാനത്ത് മാലിന്യ നിർമ്മാജ്ജനം നടത്തുന്നതിനായി ത്രിതല പഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിന്റെ ഭാഗമായി ഗ്രാമ, ബ്ളോക്ക്, ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും ഭാഗീക സാമ്പത്തിക സഹായവും ശുചിത്വമിഷൻ മുഖേന നൽകി വരുന്നു. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് രൂപം നൽകി സമർപ്പിച്ചിട്ടുളള സീറോ വേസ്റ്റ് പത്തനംതിട്ട എന്ന പദ്ധതിക്ക് ആവശ്യമായ സാങ്കേതിക അനുമതിയും ഭാഗീക സാമ്പത്തിക സഹായവും സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയിൽ നിന്നും നൽകിയിട്ടുണ്ട്. കൂടാതെ ത്രിതല പഞ്ചായത്തുകളെ സംയോജിപ്പിച്ച് പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതും പരിഗണിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ